(ഡി) ഈ പാഴ്ച്ചെലവുമൂലമുള്ള നഷ്ടം സഹിക്കേണ്ടതാരാണ്;

(ഇ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ റിനോവേഷൻ വർക്കിനുണ്ടാക്കിയ കരാറനുസരിച്ച് പാഴ്ച്ചെലവ് ഉണ്ടായിട്ടുണ്ടോ;

(എഫ്) പാഴ്ചെച്ചലവുമൂലം ഉണ്ടായിട്ടുള്ള നഷ്ടം നികത്താനും കൂടിയാണോ വൈദ്യുതി ചാർജ്ജിൽ വർദ്ധന വരുത്തിയത്;

(ജി) മുൻഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി ബോർഡിൽ പാഴ്ച്ചെലവ് വരുത്തിയവരുടെമേൽ നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില പാഴ്ച്ചെലവുകൾ ഉണ്ടായതായി അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(ബി—ഡി) മേൽസൂചിപ്പിച്ച കേസുകളിൽ വിശദമായി പഠിച്ചുവരുന്നു. തീരുമാനമായതിനുശേഷമേ അന്തിമാഭിപ്രായം പറയാൻ കഴിയൂ.

(ഇ) തത്സംബന്ധമായി ഒരന്വേഷണം നടന്നുവരുന്നു.

(എഫ്) വൈദ്യുതിയുടെ ഉൽപ്പാദനം/വിതരണ/ചെലവുകളും വൈദ്യുതിയുടെ വിൽപന വിലയും തമ്മിലുള്ള അന്തരം കുറയ്ക്കാനാണ് നിരക്ക് വർദ്ധനവ് വരുത്തിയത്.

(ജി) അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ തീരുമാനിക്കാൻ കഴിയൂ.

നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ

96 [5352] ശ്രീ. ജോർജ്ജ് ജെ. മാത്യു:
„ ഡൊമിനിക് പ്രസന്റേഷൻ:
„ കെ. അച്ചുതൻ:
„ ഇ. എം. അഗസ്തി:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വൈദ്യുതി പദ്ധതികളുടെ പണികളാണ് ഇപ്പോൾ നടന്നുവരുന്നത്;

(ബി) ഇവ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(സി) ഇവയുടെ പണി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടിയെടുത്തുവരുന്നു എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതി (10.5 മെഗാവാട്ട്)
2. വടക്കേപ്പുഴ ഡൈവേർഷൻ പദ്ധതി (12.1 മില്യൻ യൂണിറ്റ്)
3. അഴുത ഡൈവേർഷൻ പദ്ധതി (ബാലൻസ് വർക്കുകൾ) 57 മില്യൻ യൂണിറ്റ്
4. കുറ്റിയാർ ഡൈവേർഷൻ പദ്ധതി (37 മില്യൻ യൂണിറ്റ്)
5. നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി (25 മെഗാവാട്ട്)
6. ലോവർ മീൻമുട്ടി ചെറുകിട ജലവൈദ്യുത പദ്ധതി (3.5 മെഗാവാട്ട്)
7. കുറ്റ്യാടി ടെയിൽ റേസ് പദ്ധതി (3.75 മെഗാവാട്ട്)
8. കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി (223 മില്യൻ യൂണിറ്റ്)
9. ഉറുമി ഒന്നാംഘട്ടം (3.75 മെഗാവാട്ട്)
10. ഉറുമി രണ്ടാംഘട്ടം (2.40 മെഗാവാട്ട്).

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന തീയതികൾ താഴെ പറയുന്നവയാണ്:

1. മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതി: 31-10-2001
2. വടക്കേപ്പുഴ ഡൈവേർഷൻ: 12-4-2002
3. അഴുത ഡൈവേർഷൻ (ബാലൻസ് വർക്കുകൾ): 17-7-2004
4. കുറ്റ്യാർ ഡൈവേർഷൻ (ബാലൻസ് പണികൾ): 1-4-2005
5. നേര്യമംഗലം എക്സ്റ്റെൻഷൻ: 3-7-2006
6. ലോവർ മീൻമുട്ടി: 13-2-2005
7. കുറ്റ്യാടി ടെയിൽ റേസ്: 4-4-2003
8. കുറ്റ്യാടി ഓഗ്മെന്റേഷൻ: 5/2005
9. ഉറുമി ഒന്നാംഘട്ടം: 24-10-2002
10. ഉറുമി രണ്ടാംഘട്ടം: 10-5-2003.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള പ്രോഗ്രാമുകൾ/ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് പണികൾ പുരോഗമിച്ചു വരുന്നു.

ജലവിനിയോഗത്തിന്റെ ആവശ്യകതയെ സംബന്ധിച്ച പഠനങ്ങൾ

97 [5354] ഡോക്ടർ തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്:
,, വി. ചെന്തമരാക്ഷൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ജല സമ്പത്ത് സംരക്ഷിക്കപ്പെടുന്നുവെന്നും നീതിയുക്തമായി മാത്രം ഉപയോഗിക്കപ്പെടുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് സർക്കാർ ഏതെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly